**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം: 5241**

**06/02/2014 ൽ മറുപടിക്ക്**

## ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങളുടെ വിപുലീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി. വിജയദാസ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ കേരള ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) | പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാതൃകയിൽ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക എന്നത് അക്കാദമിയുടെ പ്രധാനപ്പെട്ട പ്രവർത്തന ലക്ഷ്യമാണ്. ചലച്ചിത്ര അക്കാദമിയുടെ പ്രപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്. |
| (ബി) | ചലച്ചിത്ര അക്കാദമി നിലവിൽ എന്തെങ്കിലും കോഴ്സുകൾ നടത്തി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ വൈവിദ്ധ്യമാർന്ന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | ചലച്ചിത്ര അക്കാദമി നിലവിൽ ഫിലിം അപ്രീസിയേഷൻ ക്യാമ്പുകൾ നടത്തിവരുന്നു. കൂടാതെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും യുവജനങ്ങൾക്കുമായി ചലച്ചിത്ര പ്രവർത്തനവുമായി ബന്ധപ്പെട്ട ക്യാമ്പുകൾ സംഘടിപ്പിക്കാറുണ്ട്. പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |
| (സി) | ദേശീയ സാർവ്വദേശീയ സിനിമാ രംഗത്ത് പ്രതിഭ തെളിയിച്ച നിരവധി പ്രശസ്ത വ്യക്തികളെ ഉൾപ്പെടുത്തി ഉന്നത നിലവാരത്തിൽ ചലച്ചിത്ര അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പരിഗണിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ